# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6653 01.11.2011 - ൽ മറുപടിക്ക്

### തീരദേശ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, എ.റ്റി. ജോർജ്<br>,, ഹൈബി ഈഡൻ<br>,, ഐ.സി. ബാലകൃഷ്ണൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തീരദേശ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (എ) കുടിവെള്ളക്ഷാമം രൂക്ഷമായ തീരപ്രദേശങ്ങളിൽ ജലവിതരണത്തിനായി ആവശ്യമായ സ്ഥലങ്ങളിൽ വാൽവുകൾ സ്ഥാപിച്ചും, കേടായ പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും ജലവിതരണം നിയന്ത്രിച്ചും, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചും, പൈപ്പുലൈനിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തു തീർത്തും സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ വിതരണശൃംഖല ദീർഘിപ്പിച്ചും, തടസ്സം കൂടാതെ ശുദ്ധജല വിതരണം നടത്തുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ എടുത്തുവരുന്നു. |
| (ബി) ഇതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) നിലവിലുള്ള കേന്ദ്ര പദ്ധതികളുമായി സഹകരിച്ച് ഇതിന് പരിഹാരം കാണാൻ സത്വര നടപടികൾ എടുക്കുമോ ? | (സി) പദ്ധതിയുടെ റിപ്പോർട്ടുകൾ തയ്യാറാകുന്ന മുറയ്ക്ക് കേന്ദ്രസഹായത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ